ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ  സന്നിധാനം
21-11-2025

## ശബരിമലയിൽ 24 മണിക്കൂറും സുരക്ഷാവലയം തീർത്തു ഫയർ ഫോഴ്സ്

ശബരിമലയിൽ 24 മണിക്കൂറും സുരക്ഷാ വലയം തീർത്തു ഭക്തർക്ക് കരുതലൊരുക്കുകയാണ്ഫയർ ആൻഡ് റസ്ക്യൂ ഫോഴ്സ്. സോപാനം, മാളികപ്പുറം, ഭസ്മക്കുളം, നടപ്പന്തൽ, ശരംകുത്തി, മരക്കൂട്ടം, പാണ്ടിത്താവളം, കെ.എസ്.ഇ.ബി, കൊപ്രാക്കളം എന്നിങ്ങനെവിവിധ സ്ഥലങ്ങളാണ് ഫയർ പോയിന്റുകളായി പ്രവർത്തിക്കുന്നത്. ഇതോടൊപ്പം അരവണ കൗണ്ടറിനടുത്ത് ഫയർ ആൻഡ് റസ്ക്യൂ വിഭാഗത്തിന്റെ പ്രധാന കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. ഫയർ പോയിന്റുകളിൽ സ്ഥാപിച്ചിട്ടുള്ള ഫയർ ഹൈഡ്രന്റുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കിയിട്ടുണ്ട്. 86 പേരടങ്ങുന്ന സംഘത്തെയാണ് മരക്കൂട്ടം മുതൽ സന്നിധാനം വരെ വിന്യസിച്ചിട്ടുള്ളത്. ഓരോ ഫയർപോയിന്റിലും ആറു മുതൽ 10 ജീവനക്കാരുടെ സേവനം ലഭ്യമാണ്.

സന്നിധാനത്തെ ഹോട്ടലുകൾ, അപ്പം, അരവണ കൗണ്ടർ,പ്ലാന്റ്, ശർക്കര ഗോഡൗൺ, കൊപ്രാക്കളം, വെടിപ്പുര തുടങ്ങി അപകട സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും തീർഥാടനം ആരംഭിച്ചതു മുതൽ നിരന്തരമായ ഫയർ ഓഡിറ്റിങ് നടത്തി വരുന്നുണ്ടെന്ന് ജില്ലാ ഫയർ ഓഫീസർ എസ് സൂരജ് പറഞ്ഞു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഇവിടെ സംഘം പ്രവർത്തിക്കുന്നത്. സന്നിധാനത്ത് ഉൾപ്പടെ അടിയന്തര വൈദ്യസഹായം നൽകാൻ വകുപ്പ് പൂർണ സജ്ജമാണ്.ഓരോ പോയിന്റിലും സ്ട്രക്ചർ, സ്പൈൻ ബോർഡ് എന്നിവ കരുതിയിട്ടുണ്ട്. സഹായത്തിനായി 30 സിവിൽ ഡിഫൻസ് വാളണ്ടിയേഴ്സിന്റെ സേവനവുമുണ്ട്.

അസ്കാലൈറ്റ്, ഹൈഡ്രോളിക് കട്ടർ, ഡിമോളിഷിങ് ഹാമർ, റോപ് റസ്ക്യൂ കിറ്റ്, ബ്രീത്തിങ് അപ്പാരറ്റസ്, ചെയിൻ സോ, ഭാരം ഉയർത്തുന്നതിനുള്ള ന്യൂമാറ്റിക് ബാഗ്, ജനറേറ്റർ തുടങ്ങി രക്ഷാപ്രവർത്തനത്തിനുള്ള എല്ലാവിധ ഉപകരണങ്ങളും സേനയുടെ കൈയിൽ സജ്ജമാണ്. കൂടാതെ തെർമൽ

ഇമേജിംഗ് കാമറ പോലുള്ള ആധുനിക ഉപകരണങ്ങളുമുണ്ടെന്ന് സ്റ്റേഷൻ ഓഫീസർ അർജുൻ കെ കൃഷ്ണൻ പറഞ്ഞു.

മരങ്ങൾ വീണുണ്ടാകുന്ന അപകടങ്ങൾ പോലുള്ള അടിയന്തരഘട്ടങ്ങളിലും അടിയന്തര വൈദ്യസഹായം ആവശ്യമുള്ള സാഹചര്യത്തിലും സേനയുടെ നേതൃത്വത്തിൽ ദേശീയ ദുരന്ത നിവാരണ സേനാംഗങ്ങൾ, പൊലീസ്, ദേവസ്വം ബോർഡ്എന്നിവരുമായി ചേർന്ന് പ്രവർത്തനം ഏകോപിപ്പിക്കും. ഫയർ ഫോഴ്സ് കൺട്രോൾ സെന്ററുമായി ബന്ധപ്പെടേണ്ട നമ്പർ : 04735 202033 (സന്നിധാനം), 04735 203333 (പമ്പ).

## മലകയറിയെത്തുന്ന തീർഥാടകർക്ക് ആശ്വാസമായി സന്നിധാനത്തെ ആയുർവേദ ആശുപത്രി

അയ്യനെ കാണാൻ മലകയറി എത്തുന്ന തീർഥാടകർക്ക് വലിയ ആശ്വാസമാണ് സന്നിധാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രി. പനി, ചുമ, തുമ്മൽ പോലുള്ള അസുഖങ്ങൾക്കുള്ള മരുന്ന് മുതൽ പഞ്ചകർമ ചികിത്സ വരെ ഇവിടെയുണ്ട്. മലകയറി എത്തുമ്പോഴുണ്ടാകുന്ന ദേഹത്തു വേദന, കാൽകഴപ്പ്, ഉളുക്ക് പോലുള്ളവയ്ക്ക് പഞ്ചകർമ തെറാപ്പിയിലൂടെ വേഗം ആശ്വാസം ലഭിക്കുമെന്ന് ആശുപത്രിയുടെ ചുമതലയുള്ള മെഡിക്കൽ ഓഫീസർ ഡോ. വി കെ വിനോദ് കുമാർ പറയുന്നു. ഇതോടൊപ്പം ആവി പിടിക്കാനും മുറിവ് വെച്ചുകെട്ടുന്നതിനുമുള്ള സൗകര്യം ഇവിടെയുണ്ട്.




വലിയ നടപ്പന്തലിന് തുടക്കത്തിലായി ആരോഗ്യവകുപ്പിന്റെ ആശുപത്രിക്ക് എതിർവശത്തായാണ് ആയുർവേദ ആശുപത്രി സ്ഥിതി ചെയ്യുന്നത്. രണ്ട് ഒ പി കൗണ്ടറുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. വകുപ്പിൽ നിന്നുള്ള അഞ്ചും നാഷണൽ ആയുഷ് മിഷനിൽ നിന്നുള്ള രണ്ടും ഡോക്ടർമാർ ഇവിടെ സേവനത്തിലുണ്ട്. ഇതോടൊപ്പം മൂന്ന് ഫാർമസിസ്റ്റ്, നാല് തെറാപ്പിസ്റ്റ് എന്നിവരും മറ്റു ജീവനക്കാരുമുണ്ട്. രജിസ്ട്രേഷൻ കൗണ്ടർ, ഒപി കൗണ്ടറുകൾ, ഫാർമസി, തെറാപ്പി റൂം, മരുന്ന് സൂക്ഷിക്കുന്നതിനും ആവി പിടിക്കുന്നതിനുമുള്ള മുറികൾ, ജീവനക്കാർക്കായുള്ള മുറികൾ തുടങ്ങിയവ ഇവിടെ ഉണ്ട്. ഒരോ ദിവസവും ആയിരത്തിൽ അധികം പേരാണ് ഇവിടെ എത്തുന്നത്. തീർഥാടകരോടൊപ്പം സന്നിധാനത്ത് ഡ്യൂട്ടിക്കെത്തുന്ന ഉദ്യോഗസ്ഥരും ഏറ്റവും ആശ്രയിക്കുന്നത് ആയുർവേദ ആശുപത്രിയെയാണ്.

## ശബരിമലയിൽ ഇതുവരെ ദർശനം നടത്തിയത് അഞ്ച് ലക്ഷത്തോളം തീർത്ഥാടകർ

മണ്ഡല – മകരവിളക്ക് പൂജയ്ക്കായി നവംബർ 16 ന് ശബരിമല നട തുറന്നശേഷം ഇതുവരെ ദർശനം നടത്തിയത് അഞ്ച് ലക്ഷത്തോളം തീർത്ഥാടകർ. നവംബർ 21 വൈകിട്ട് ഏഴു വരെ

4,94,151 തീർത്ഥാടകരാണ് എത്തിയത്. നവംബർ 21ന് മാത്രം വൈകിട്ട് ഏഴുവരെ 72,037 തീർത്ഥാടകർ ദർശനം നടത്തി.

## സന്നിധാനത്ത് ഭക്തിഗാനമേള നടത്തി പൊലീസ് സേനാംഗങ്ങൾ

കാക്കിക്കുള്ളിൽ കലാഹൃദയമുണ്ടെന്ന് വീണ്ടും തെളിയിച്ചിരിക്കുകയാണ് സന്നിധാനത്തെ പൊലീസ് സേന. ശബരിമലയിലെ ടെലികമ്മ്യൂണിക്കേഷൻ ടെക്നോളജി വിഭാഗം പൊലീസ് സേനാംഗങ്ങളാണ് വലിയ നടപ്പന്തലിലെ ശ്രീശാസ്ത ഓഡിറ്റോറിയത്തിൽ നവംബർ 21 ന് കരോക്കെ ഭക്തിഗാനമേള അവതരിപ്പിച്ചത്. യേശുദാസ് പാടി അവിസ്മരണീയമാക്കിയ 'കാനനവാസ കലിയുഗവരദാ', 'സ്വാമി സംഗീതം ആലപിക്കും' തുടങ്ങിയ ഗാനങ്ങൾ സന്നിധാനത്ത് മുഴങ്ങിയപ്പോൾ അയ്യപ്പൻമാർ കാതോർത്തു. ദേവസ്വം പ്രസിഡന്റ് കെ ജയകുമാർ രചിച്ച 'കുടജാദ്രിയിൽ കുടികൊള്ളും' എന്നു തുടങ്ങുന്ന ഗാനവും വേദിയിൽ ആലപിച്ചു. പൊലീസ് സേനാംഗങ്ങളായ ആർ രാജൻ, എം രാജീവ്, ശ്രീലാൽ എസ് നായർ, എ ജി അഭിലാഷ്, ശിശിർ ഘോഷ് എന്നിവരാണ് ഗാനാർച്ചന നടത്തിയത്. സന്നിധാനം പൊലീസ് സ്പെഷ്യൽ ഓഫീസർ എം എൽ സുനിൽ സന്നിഹിതനായിരുന്നു.